ചന്ദ്രിക

# അങ്കൻവാടി ജീവനക്കാർക്ക് പരിശീലനം

കൊച്ചി: അങ്കൻവാടി പ്രവർത്തകരിലൂടെ സമൂഹത്തിൽ ദന്താരോഗ്യ സംരക്ഷണ ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെ അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പബ്ലിക്ക് ഹെൽത്ത് ഡെന്റിസ്ട്രി പരിശീലന പരിപാടി സംഘടിപ്പിച്ചു. ഡോ.ആർ.വെങ്കിടാചലത്തിന്റെ നേതൃത്വത്തിലുള്ള സംഘം നേതൃത്വം നൽകി. 3 മുതൽ 6 വയസുവരെയുള്ള പ്രീസ്കൂൾ കുട്ടികളെയും അവരുടെ അമ്മമാരെയും ദന്താരോഗ്യ സംരക്ഷണത്തിനായി പാലിക്കേണ്ട കാര്യങ്ങളെ കുറിച്ച് ബോധവൽക്കരിക്കാൻ അങ്കൻവാടി അധ്യാപകരെ പ്രാപ്തരാക്കുകയായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം. ബോറോ ഫൗണ്ടേഷന്റെ ധനസഹായത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ കൊച്ചി അർബൻ സെക്ടർ 1, 2, മരട് മുനിസിപ്പാലിറ്റി സെക്ടർ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട 101 അങ്കൻവാടി അധ്യാപകർക്ക് പരിശീലനം നൽകി.

KOCHI Edition

Oct 18, 2025 Page No: 3

ജന്മഭൂമി



അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പബ്ലിക്ക് ഹെൽത്ത് ഡെന്റിസ്ട്രി സംഘടിപ്പിച്ച ദന്താരോഗ്യ സംരക്ഷണ പരിശീലനത്തിൽ നിന്ന്

# അങ്കണവാടി അദ്ധ്യാപകർക്ക് ദന്താരോഗ്യ പരിശീലനം

**കൊച്ചി:** അമൃത സ്ക്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പബ്ലിക്ക് ഹെൽത്ത് ഡെന്റിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അങ്കണവാടി അദ്ധ്യാപകർക്ക് ദന്താരോഗ്യ പരിശീലനം നടത്തി. ഡോ. ആർ. വെങ്കിടാചലത്തിന്റെ നേതൃത്വത്തിലുള്ള സംഘം പരിശീലനത്തിന് നേതൃത്വം നൽകി. 3 മുതൽ 6 വയസുവരെയുള്ള പ്രീസ്കൂൾ കുട്ടികളെയും അവരുടെ അമ്മമാരെയും ദന്താരോഗ്യ സംരക്ഷണത്തിനായി പാലിക്കേണ്ട കാര്യങ്ങളെ കുറിച്ച് ബോധവൽക്കരിക്കാൻ അങ്കണവാടി അധ്യാപകരെ പ്രാപ്തരാക്കുക എന്നതായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം.

കൊച്ചി അർബൻ സെക്ടർ 1, 2, മരട് മുനിസിപ്പാലിറ്റി സെക്ടർ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട 101 അങ്കണവാടി അധ്യാപകർക്ക് പരിശീലനം നൽകി. അദ്ധ്യാപകർക്ക് അവരവരുടെ അങ്കണവാടി കേന്ദ്രങ്ങളിൽ ദന്താരോഗ്യ സംരക്ഷണ പഠന സെഷനുകൾ സുഗമമാക്കുന്നതിന് ദന്താരോഗ്യ പഠന കിറ്റുകളും പരിപാടിയുടെ ഭാഗമായി നൽകി.

മംഗളം

# അംഗൻവാടി അധ്യാപകർക്ക് ദന്താരോഗ്യ പരിശീലനം

കൊച്ചി: അംഗൻവാടി പ്രവർത്തകരിലൂടെ സമൂഹത്തിൽ ദന്താരോഗ്യ സംരക്ഷണ ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് അമൃത സ്‌കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി പരിശീലന പരിപാടി സംഘടിപ്പിച്ചത്.

ഡോ. ആർ. വെങ്കിടാചലത്തിന്റെ നേതൃത്വത്തിലുള്ള സംഘം പരിശീലനത്തിന് നേതൃത്വം നൽകി. 3 മുതൽ 6 വയസുവരെയുള്ള പ്രീസ്‌കൂൾ കുട്ടികളെയും അവരുടെ അമ്മമാരെയും ദന്താരോഗ്യ സംരക്ഷണത്തിനായി പാലിക്കേണ്ട കാര്യങ്ങളെ കുറിച്ച് ബോധവൽക്കരിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം.

KOCHI Edition

Oct 18, 2025 Page No. 2

Powered by: erelego.com

സുപ്രഭാതം

# അങ്കണവാടി അധ്യാപകർക്ക് ദന്താരോഗ്യ പരിശീലനം

**കൊച്ചി ▸** അംഗൻവാടി പ്രവർത്തകരിലൂടെ സമൂഹത്തിൽ ദന്താരോഗ്യസംരക്ഷണ ബോധവൽകക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെ അമൃത സ്ക്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പബ്ലിക്ക് ഹെൽത്ത് ഡെന്റിസ്ട്രി പരിശീലന പരിപാടി സംഘടിപ്പിച്ചു. ഡോ. ആർ. വെങ്കിടാചലത്തിന്റെ നേതൃത്വത്തിലുള്ള സംഘം പരിശീലനത്തിന് നേതൃത്വം നൽകി. മൂന്ന് മുതൽ ആറ് വയസു വരെയുള്ള പ്രീസ്കൂൾ കുട്ടികളെയും അവരുടെ അമ്മമാരെയും ദന്താരോഗ്യസംരക്ഷണത്തിനായിപാലിക്കേണ്ട കാര്യങ്ങളെ കുറിച്ച് ബോധവൽകരിക്കാൻ അങ്കണവാടി അധ്യാപകരെ പ്രാപ്തരാക്കുക എന്നതായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം. യു. കെയിലെ ബോറോ ഫൗണ്ടേഷന്റെ ധനസഹായത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ കൊച്ചി അർബൻ സെക്ടർ 1, 2, മരട് മുനിസിപ്പാലിറ്റി സെക്ടർ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട 101 അങ്കണവാടി അധ്യാപകർക്ക് പരിശീലനം നൽകി. അധ്യാപകർക്ക് അവരവരുടെ അങ്കണവാടി കേന്ദ്രങ്ങളിൽ ദന്താരോഗ്യ സംരക്ഷണ പഠന സെഷനുകൾ സുഗമമാക്കുന്നതിന് ദന്താരോഗ്യ പഠന കിറ്റുകളും പരിപാടിയുടെ ഭാഗമായി നൽകി.